**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6121** **20.11.2019-ൽ മറുപടിയ്ക്ക്**

**ആദിവാസി സ്വാതന്ത്ര്യ സമരപോരാളികളുടെ സ്മരണക്കായി മ്യൂസിയം**

**ചോദ്യം**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**മറുപടി**
**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ആദിവാസി സ്വാതന്ത്ര്യ സമരപോരാളികളുടെ സ്മരണക്കായി മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത മ്യൂസിയം ആദിവാസി മേഖലയായ വയനാട്ടിൽ വേണമെന്ന് കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം രേഖാമൂലം ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ; | ബി) & സി) | ഇല്ല. 25/01/2017-ലെ DO No.15025/2016/NCSTR&M നമ്പർ കത്തിൽ കേന്ദ്രഗോത്ര മന്ത്രാലയ സെക്രട്ടറി ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ സ്വാതന്ത്ര്യ സമര സേനാനികൾ ജീവിച്ചിരുന്നതും, സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ നടന്ന പ്രദേശങ്ങൾ മ്യൂസിയം നിർമ്മാണത്തിനായി തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ മ്യൂസിയം കോഴിക്കോട് നിർമ്മിക്കുന്നതിന് കേന്ദ്രമന്ത്രാലയം 14.03.2018-ൽ F.No.11024/14/2017-PA നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| സി) | ഈ നിർദേശം കിർത്താഡ്സ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; കിർത്താഡ്സ് നിലവിൽ മ്യൂസിയത്തിന് കണ്ടെത്തിയ സ്ഥലം എവിടെയാണ്; അറിയിക്കുമോ; | | |
| ഡി) | സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് മ്യൂസിയത്തിനായി അനുവദിച്ച ഫണ്ടിൽ നിന്നും കിർത്താഡ്സ് പണം ചെലവഴിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കിർത്താഡ്സിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഉണ്ട്. കിർത്താഡ്സിന്റെ വിശദീകരണം തേടിയ ശേഷം കിർത്താഡ്സ് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾ ഗോത്രവർഗ്ഗക്കാരായതുകൊണ്ട് കിർത്താഡ്സ് മ്യൂസിയം സമുച്ചയ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് (സെറ്റിംഗ് അപ്പ് ഓഫ് മ്യൂസിയം / |

| | | | |
|---|---|---|---|
| | | | മെമ്മോറിയൽസ് ഫോർ ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള എന്ന പദ്ധതിക്കായി) "2225-80-001-94" എന്ന ശീർഷകത്തിൽ നിന്നും 13,90,627/-രൂപ ചെലവഴിച്ച കിർത്താഡ്സ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും, നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് ചെയ്യുന്നതിനുമുള്ള അനുമതി നൽകികൊണ്ടും 30/10/2019-ലെ സ.ഉ(സാധാ) നം.1174/2019/ പജപവവിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**